(ബി) പദ്ധതി നടത്തിപ്പിന് വേണ്ടിവരുന്ന 3,000 കോടി രൂപയിൽ 1,000 കോടി രൂപ പദ്ധതി വിഹിതങ്ങളിൽ നിന്നും ബാക്കി വരുന്ന 2,000 കോടി രൂപ ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വായ്പയായി ലഭ്യമാക്കുവാനുമാണ് വിഷൻ ഡോക്യുമെന്റിൽ ഉദ്ദേശിക്കുന്നത്. കേരളത്തിൽ നിലവിൽ വരുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന കയർ വികസന പദ്ധതികൾക്കായി 750 കോടി രൂപയാണ് കാണിച്ചിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിക്ക്, കയർ ബോർഡ് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്.

കയർ തൊഴിലാളികൾക്ക് യന്ത്രവൽക്കൃത റാട്ടുകൾ

135 [453] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. എൻ. ഡി. അപ്പച്ചൻ:
" കെ. മുഹമ്മദാലി:
ശ്രീമതി മാലേത്ത് സരളാദേവി:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ തൊഴിലാളികൾക്ക് യന്ത്രവൽകൃത റാട്ട് നൽകുവാൻ പരിപാടിയുണ്ടോ;

(ബി) എങ്കിൽ ഈ പരിപാടിയുടെ വിശദാംശം നൽകുമോ;

(സി) എത്ര പേർക്ക് യന്ത്രവൽകൃത റാട്ട് നൽകുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ റാട്ട് നൽകപ്പെടുന്നവർക്ക് പ്രവർത്തനമൂലധനം കൂടി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്തെ 6000 സ്ത്രീ കയർത്തൊഴിലാളികൾക്ക് 1/4 HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളിൽ കയർ പിരിക്കുന്നതിന് നൽകുന്ന പരിശീലനം പൂർത്തിയാക്കുന്ന തൊഴിലാളികൾക്ക് റാട്ടുകളും വൈദ്യുതിവൽക്കരണത്തിനുള്ള തുകയും പ്രവർത്തന മൂലധനവും വർക്ഷെഡും നൽകി, അവരെ സ്വയം സഹായ സംഘങ്ങളാക്കി രൂപീകരിക്കുന്നതിനുള്ള ഒരു പദ്ധതി കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് മുഖേന നടപ്പാക്കി വരുന്നു.

(സി) അടുത്ത വർഷം 1/4 HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ട് 30,000 പേർക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) 1/4 HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ട് നൽകുന്നവർക്ക് പ്രവർത്തന മൂലധനം നൽകുന്നതിന് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly